# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2718 — 12.10.2011 ൽ മറുപടിയ്ക്ക്

## കലിക്കല്ലൂർ കാർഷിക സഹകരണ സംഘം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.പി. മുഹമ്മദ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി) |
| (എ) ഒറ്റപ്പാലം താലൂക്കിൽ കലിക്കല്ലൂർ പഞ്ചായത്ത് കാർഷിക ഉല്പാദന സംഭരണ സംസ്കരണ വിപണന ക്രെഡിറ്റ് സഹകരണ സംഘം എന്നാണ് രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചതെന്നും ടി സംഘത്തിന് പ്രവർത്തന മൂലധനമായോ മറ്റേതെങ്കിലും സഹായമായോ സർക്കാരോ അപ്പെക്സ് കേന്ദ്ര സംഘങ്ങളോ നാളിതുവരെ എന്തെങ്കിലും ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടോയെന്നും വെളിപ്പെടുത്താമോ; | (എ) കലിക്കല്ലൂർ പഞ്ചായത്ത് കാർഷിക ഉല്പാദന സംഭരണ സംസ്കരണ വിപണന ക്രെഡിറ്റ് സഹകരണ സംഘം 11.04.2008 തീയതിയിൽ രജിസ്റ്റർ ചെയ്ത് 20.04.2008 തീയതിയിൽ പ്രവർത്തനം ആരംഭിച്ചു. ടി സംഘത്തിന് സർക്കാർ സഹായമോ അപ്പെക്സ്, കേന്ദ്ര സംഘസഹായമോ ഇതുവരെ ലഭിച്ചിട്ടില്ല. |
| (ബി) സംഘം നിയമാവലി, സഹകരണ സംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ഐ.എം.ബി.പി. എന്നിവ പാലിക്കാതെ സംഘം ഭരണ സമിതിയംഗങ്ങളും ഭരണ സമിതിയുമായി ബന്ധമുള്ളവരും വായ്പ കൈപ്പറ്റിയതിനെക്കുറിച്ച് സമഗ്രമായ അന്വേഷണം നടത്തുമോ; അനധികൃത വായ്പ കൈപ്പറ്റിയവർക്കെതിരെ സഹകരണ നിയമപ്രകാരമുള്ള സർച്ചാർജ് നടപടികൾ സ്വീകരിക്കാമോ; | (ബി) യും (സി) യും സംഘത്തിന്റെ പ്രവർത്തനത്തിൽ അപാകത ഉള്ളതായും സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലറുകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നു എന്നും ശ്രദ്ധയിൽപ്പെട്ടാൽ ടി സംഘത്തിനെതിരെ അന്വേഷണം നടത്തി സഹകരണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലറുകൾ പാലിക്കാതെ ഉയർന്ന | |

പലിശയ്ക്ക് നിക്ഷേപം സ്വീകരിച്ചും ഉയർന്ന പലിശയ്ക്ക് വായ്പ നൽകിയും പ്രവർത്തിച്ചുവന്ന സംഘത്തിനെതിരെ നടപടി സ്വീകരിക്കുമോ?

സെക്ഷൻ ഓഫീസർ